# നീര പാനീയം വിപണിയിൽ

കൊച്ചി: 'പാംഡ്യ്യ' (ജമാറലം) ബ്രാൻഡിൽ നീര ഡ്രിങ്ക് പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി കേരളത്തിലാദ്യമായി കൊച്ചിയിൽ പുറത്തിറക്കി. വൈറ്റില മൊബിലിറ്റി ഹബ്ബിലെ നാളികേര വികസന ബോർഡിന്റെ കിയോസ്കിൽ ജ്യൂസ് വെൻഡിങ് മെഷീനിലൂടെ ഇനി മുതൽ തണുത്ത നീര ലഭ്യമാണ്. നീര വിപണനത്തിന്റെ ഉദ്ഘാടനം ജി.സി.ഡി.എ ചെയർമാൻ എൻ. വേണുഗോപാൽ നിർവഹിച്ചു. 200 എം.എൽ നീരക്ക് 25 രൂപയാണ് വില. കരിക്കിൻ വെള്ളത്തിന് 20 രൂപയും. ഷേക്, മറ്റ് നാളികേര ഉൽപന്നങ്ങളായ കോക്കനട്ട് മിൽക്ക് പൗഡർ, പാം ഷുഗർ, വെർജിൻ കോക്കനെട്ട് ഓയിൽ, മിൽക്ക് ക്രീം, കോക്കനട്ട് ചിപ്സ്, തുടങ്ങിയവയും ലഭ്യമാണ്.